# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 04.04.2026**

## പ്രധാനവാർത്തകൾ

1. കേരളം അഞ്ചാം നാൾ പോളിംഗ് ബൂത്തിലേക്ക്, നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് മാറ്റു കൂട്ടാൻ ദേശീയ നേതാക്കൾ രംഗത്ത്.

2. എൻ ഡി എയ്ക്കായി പ്രധാനമന്ത്രിയും ബി ജെ പി നേതാവുമായ നരേന്ദ്ര മോദി തിരുവല്ലയിലും തിരുവനന്തപുരത്തും, യു ഡി എഫിനായി ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ആലപ്പുഴയിലും എറണാകുളത്തും പ്രചാരണത്തിനെത്തി; കോട്ടയത്ത് എൽ ഡി എഫിന്റെ പ്രചരണത്തിന് നേതൃത്വം നൽകി സിപിഎം ജനറൽ സെക്രട്ടറി എം എ ബേബി.

3. വോട്ടർമാർക്ക് 'ഇസിഐ-നെറ്റ്' പ്ലാറ്റ്ഫോം വഴി സ്ഥാനാർത്ഥികളെകുറിച്ചുള്ള വിവരങ്ങൾ പരിശോധിക്കാമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.

4. രാജ്യത്തുടനീളം എൽപിജി ഉൾപ്പെടെയുള്ള ഇന്ധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ എല്ലാ ശ്രമങ്ങളും നടത്തുന്നതായി കേന്ദ്ര സർക്കാർ

5. സംസ്ഥാനത്ത് ഇന്നു മുതൽ വിവിധ ജില്ലകളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വേനൽ ചൂട് ഉയരുന്നതിനാൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ

RNUTVPM

ഏർപ്പെടുന്നവർ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

6. ഐ പി എൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെതിരെ ഡൽഹി ക്യാപിറ്റൽസിന് 163 റൺസ് വിജയലക്ഷ്യം.

&&&&&&&&&&&&&&&&&&

## നിയമസഭ തിരഞ്ഞെടുപ്പ് - സംസ്ഥാനങ്ങൾ

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ, അസം, പുതുച്ചേരി, എന്നിവിടങ്ങളിൽ പ്രചാരണ പരിപാടികൾ ഊർജിതം. സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിന് അഞ്ചു ദിവസം ശേഷിക്കെ ദേശീയ നേതാക്കളുടെ നേതൃത്വത്തിൽ മുന്നണികൾ പ്രചാരണം ശക്തമാക്കി.

RNUTVPM

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി - തിരുവനന്തപുരം

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വാശിയേറിയ പ്രചാരണം തലസ്ഥാന ജില്ലയിൽ പുരോഗമിക്കുന്നു . വിവിധ മണ്ഡലങ്ങളിലെ എൻഡിഎ സ്ഥാനാർഥികളുടെ പ്രചാരണത്തിനായി പ്രധാനമന്ത്രിയും ബി ജെ പി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി അല്പം മുൻപ് തിരുവനന്തപുരത്തെത്തി. എൻഡിഎ സ്ഥാനാർത്ഥികൾക്കു വേണ്ടി കിള്ളിപ്പാലം മുതൽ കരമന വരെ ശ്രീ മോദിയുടെ റോഡ് ഷോ ഉടൻ ആരംഭിക്കും. റോഡിന്റെ ഇരുവശങ്ങളിലും ബാരിക്കേഡുകൾ സ്ഥാപിച്ച് നഗരത്തിലെ സുരക്ഷ കർശനമാക്കിയിട്ടുണ്ട്. ഏഴു മണി വരെ റോഡ് ഷോയിൽ പങ്കെടുക്കുന്ന ശ്രീ നരേന്ദ്ര മോദി അതിനു ശേഷം ഡെൽഹിക്കു തിരിച്ചു പോകും.

&&&&&&&&&&&&&&&&&&

## പത്തനംതിട്ട -പ്രധാനമന്ത്രി

നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എൻ.ഡി.എയുടെ പ്രചാരണ പരിപാടികൾക്കായി പത്തനംതിട്ടയിലെ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു. മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വിവിധമണ്ഡലങ്ങളിലെ 11 സ്ഥാനാർഥികളും പങ്കെടുത്തു. യു.ഡി.എഫിനായി തെലുങ്കാന ഉപമുഖ്യമന്ത്രി മല്ലു ഭട്ടി വിക്രമർഗ, എൽ.ഡി.എഫിനായി ആനി രാജ തുടങ്ങിയവർ നാളെ ജില്ലയിൽ എത്തും.

&&&&&&&&&&&&&&&&&&

## ആലപ്പുഴ - തിരഞ്ഞെടുപ്പ് ( ഇൻട്രോ )

ആലപ്പുഴ ജില്ലയിൽ തിരഞ്ഞെടുപ്പ് പ്രചാരണം സജീവം. UDF ന്റെ പ്രചാരണാർത്ഥം ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്ന് ജില്ലയിലെത്തി .

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...... ( വോയിസ് )**

RNU TVPM

&&&&&&&&&&&&&&&&&&

## കണ്ണൂർ-പ്രചാരണം

എൽ ഡി എഫിനായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ധർമ്മടം മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ പങ്കെടുത്തു. രാവിലെ മുഴപ്പിലങ്ങാട് പഞ്ചായത്തിൽ നിന്ന് ആരംഭിച്ച പ്രചാരണ പരിപാടി തുടരുകയാണ്. നാളെയും ധർമ്മടം മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിലെ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## എറണാകുളം-പ്രചാരണം

എറണാകുളം ഫോർട്ട്കൊച്ചിയിൽ യു.ഡി.എഫ് സ്ഥാനാർഥികളുടെ തെരഞ്ഞെടുപ്പ് പ്രചരണാർഥം നടന്ന പരിപാടിയിൽ കോൺഗ്രസ്സ് നേതാവ് രാഹുൽ ഗാന്ധി

പങ്കെടുത്തു. കേന്ദ്ര മന്ത്രിയും ബിജെ.പി നേതാവുമായ നിർമല സീതാരാമൻ പെരുമ്പാവൂരിൽ എൻ.ഡി.എ സ്ഥാനാർഥിക്കു വേണ്ടി പ്രചാരണത്തിനെത്തി. ജില്ലയിൽ എൽ.ഡി.എഫ് സ്ഥാനാർഥികൾക്കായി സി.പി.ഐ.എം സംസ്ഥാന സെക്രട്ടേറിയറ്റംഗം എം. സ്വരാജ് വാർത്താസമ്മേളനം നടത്തി.

&&&&&&&&&&&&&&&&&&

**കോഴിക്കോട് -അമിത് ഷാ**

നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ബി ജെ പി മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തരമന്ത്രിയുമായ അമിത് ഷാ ഇന്ന് കേരളത്തിലെത്തും. നാളെ രാവിലെ ബേപ്പൂരിൽ NDA യുടെ - റോഡ് ഷോ യിൽ പങ്കെടുക്കും. വൈകിട്ട് കുന്നത്തുനാട് കാട്ടാക്കടയിൽ പൊതുസമ്മേളനത്തിൽ പങ്കെടുക്കുന്ന ശ്രീ ഷാ, പ്രവാസി പ്രവർത്തക സംഗമത്തിലും സംബന്ധിക്കും.

RNU/TVPM

&&&&&&&&&&&&&&&&&&

**തിരഞ്ഞെടുപ്പ് - തൃശ്ശൂർ**

തൃശ്ശൂരിൽ പ്രമുഖ ദേശീയ നേതാക്കളുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടികൾ പ്രചാരണം ഊർജിതമാക്കി. എൻ ഡി എയ്ക്കായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനും ആഭ്യന്തരവകുപ് സഹമന്ത്രി കിരൺ റിജിജുവും ജില്ലയിൽ വിവിധ പ്രചരണ പരിപാടികളിൽ പങ്കെടുത്തു. നാളെ ഇരിഞ്ഞാലക്കുടയിലും, കൊടുങ്ങല്ലൂരും നടക്കുന്ന പരിപാടികളിലും കേന്ദ്രമന്ത്രി പങ്കെടുക്കും. ചേലക്കരയിലെ പ്രചരണത്തിൽ കേന്ദ്ര സഹമന്ത്രി കിരൺ റിജിജു സംബന്ധിച്ചു. യുഡിഎഫിന്റെ പ്രചാരണ പരിപാടികൾക്ക് ആവേശം പകരുന്നതിനായി രാഹുൽഗാന്ധി നാളെ ജില്ലയിലെത്തും. കെപിസിസി മുൻ അധ്യക്ഷൻ ജി സുധാകരൻ ജില്ലയിലെ പ്രചാരണ പരിപാടികളിൽ സജീവമായിരുന്നു. എൽഡിഎഫ് - നായി ദേശീയ നേതാക്കളായ വൃന്ദ കരാട്ടും എം എ ബേബിയും ഇന്നലെ മണ്ഡലത്തിൽ വിവിധ പരിപാടികളിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## ഇസിഐ-നെറ്റ് പ്ലാറ്റ്ഫോം

സ്ഥാനാർത്ഥികളെ കുറിച്ചുള്ള വിവരങ്ങൾ പരിശോധിക്കാൻ വോട്ടർമാർക്ക് 'ഇസിഐ-നെറ്റ്' പ്ലാറ്റ്ഫോം ഉപയോഗിക്കാമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. സ്ഥാനാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യത, ക്രിമിനൽ പശ്ചാത്തലം, ആസ്തി-ബാധ്യതകൾ, സമൂഹമാധ്യമ അക്കൗണ്ടുകൾ എന്നിവ ECINET പ്ലാറ്റ്ഫോമിലെ 'Know Your Candidates' എന്ന മൊഡ്യൂളിലൂടെ വോട്ടർമാർക്ക് പരിശോധിക്കാം. കൂടാതെ, സ്ഥാനാർത്ഥികൾ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പൂർണ്ണരൂപവും ഇതിലൂടെ ഡൗൺലോഡ് ചെയ്യാം. ഏപ്രിൽ 9-ന് വോട്ടെടുപ്പ് നടക്കുന്ന കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിലായി ആകെ 1,955 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്.

&&&&&&&&&&&&&&&&&&

## ഇടുക്കി (ഇൻട്രോ)

ഇടുക്കിയിൽ ദേവികുളം മണ്ഡലത്തിലെ, മൊബൈൽ ടവറുകളുടെ പ്രവർത്തനം പരിമിതമായ ബൂത്തുകളിൽ തിരഞ്ഞെടുപ്പ് നടപടികൾ ഏകോപിപ്പിക്കാൻ ഇത്തവണ സാറ്റലൈറ്റ് ഫോണുകൾ ഉപയോഗിക്കും. ഇടുക്കി ജില്ലാ ഭരണകൂടത്തിൻറേതാണ് തീരുമാനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..... (വോയ്സ്)**

&&&&&&&&&&&&&&&&&&

## സ്വീപ് ജലമേള

കോട്ടയം ജില്ലയിൽ വോട്ടർ ബോധവത്ക്കരണ പരിപാടിയായ സ്വീപിന്റെ ന്റെ നേതൃത്വത്തിൽ നാളെ വൈകിട്ട് 4.30ന് താഴത്തങ്ങാടിയിൽ ജലമേള നടത്തും. ജില്ലാ കളക്ടർ ചേതൻ കുമാർ മീണ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

RNU TVPM

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

&&&&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് ഇന്നു മുതൽ വിവിധയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. അതേസമയം സംസ്ഥാനത്ത് ഉയർന്ന വേനൽ ചൂട് അനുഭവപ്പെടുന്ന സാഹചര്യത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഏർപ്പെടുന്നവർ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചു.

&&&&&&&&&&&&&&&&&&

## പശ്ചിമേഷ്യ

രാജ്യത്തുടനീളം പെട്രോൾ, ഡീസൽ, എൽപിജി എന്നിവയുടെ ലഭ്യത ഉറപ്പാക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതായി പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം. പരിഭ്രാന്തരായി പെട്രോളും ഡീസലും വാങ്ങുന്നതും എൽപിജി ബുക്ക് ചെയ്യുന്നതും ഒഴിവാക്കണമെന്ന് മന്ത്രാലയം നിർദ്ദേശിച്ചു. പിഎൻജി, ഇൻഡക്ഷൻ പോലുള്ള ഇതര മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുമെന്ന് മന്ത്രാലയം വ്യക്തമാക്കി. അതേസമയം കപ്പൽ നീക്കങ്ങൾ, ഇന്ത്യൻ നാവികരുടെ സുരക്ഷ എന്നിവ നിരന്തരം നിരീക്ഷിച്ച് വരുന്നതായി തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം അറിയിച്ചു. കഴിഞ്ഞ ദിവസം അബുദാബിയിൽ നടന്ന

RNU TVPM

ആക്രമണത്തിൽ പരിക്കേറ്റ അഞ്ച് ഇന്ത്യൻ പൗരന്മാരിൽ നാല് പേർ ആശുപത്രി വിട്ടതായും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെതിരെ ഡൽഹി ക്യാപിറ്റൽസ്സിന് 163 റൺസ് വിജയലക്ഷ്യം .ആദ്യം ബാറ്റ് ചെയ്ത മുംബൈ നിശ്ചിത ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 162 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഡൽഹി ക്യാപിറ്റൽസ് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 14 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 121 റൺസ് എന്ന നിലയിലാണ്. രാത്രി 7.30ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസും രാജസ്ഥാൻ റോയൽസും ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

## ലൈംഗികാതിക്രമ കേസ്- രഞ്ജിത്ത്

ലൈംഗികാതിക്രമ കേസിൽ അറസ്റ്റിലായ സംവിധായകൻ രഞ്ജിത്തിന് എറണാകുളം സി.ജെ.എം കോടതി ജാമ്യം നിഷേധിച്ചു. രഞ്ജിത്തിനെ തിങ്കളാഴ്ച വരെ പോലീസ് കസ്റ്റഡിയിൽ വിട്ടു. ജാമ്യാപേക്ഷ ഇനി ചൊവ്വാഴ്ച പരിഗണിക്കും. കേസുമായി ബന്ധപ്പെട്ട തെളിവെടുപ്പ് ഉടനുണ്ടാകും.

RNU TVPM

&&&&&&&&&&&&&&&&&&

## തിരുവനന്തപുരം - ഗതാഗതം

തിരുവനന്തപുരത്ത് ശ്രീകാര്യം-കഴക്കൂട്ടം എൻ.എച്ച്. പിഡബ്ല്യു.ഡി റോഡിൽ മറ്റെന്നാൾ മുതൽ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനാൽ രാത്രി സമയങ്ങളിൽ ഈ റോഡിലൂടെയുള്ള ഗതാഗതത്തിന് ഭാഗിക തടസ്സം ഉണ്ടാകുമെന്ന് വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ

സമ്മതിദാനാവകാശം വിനിയോഗിക്കേണ്ടതിൻ്റെ പ്രാധാന്യം പുതുതലമുറയിലേക്ക് എത്തിക്കാൻ നൂതനമായ ചുവടുവെപ്പുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ. വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൻറെ ഭാഗമായുള്ള 'GenZ' റാപ്പ് ഗാനത്തിൻറെ ദൃശ്യാവിഷ്കാരം ഇന്ന് തിരുവനന്തപുരത്ത് നടന്നു.
.മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു കേൽക്കറും ജില്ലാ കളക്ടർ അനു കുമാരിയും റാപ്പ് പാട്ടിൻൻറെ താളത്തിനൊപ്പം ചുവടുകൾ വെച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM